തൊഴിൽത്തക്കത്തോടനുബന്ധിച്ചു കൊലക്കേസുകൾ.

*334. [32] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലിരിക്കുന്ന മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം തൊഴിൽത്തക്കങ്ങളോടനുബന്ധിച്ച് എത്ര കൊലക്കേസുകൾ ഉണ്ടായി എന്നു പറയുമോ ;

(ബി) അവ എവിടെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തൊഴിൽത്തക്കങ്ങളോടനുബന്ധിച്ച് കൊലക്കേസുകൾ ഒന്നുമുണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേടുപറ്റിയ പാലങ്ങൾ.

*335. [33] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കൊല്ലം ഡിസ്ട്രിക്റ്റിൽ വാഹനങ്ങൾ ലോഡുചെയ്തു പോകാൻ സാധിക്കാത്ത കേടുപറ്റിയ എത്ര പാലങ്ങൾ ഉണ്ട് ;

(ബി) അവ ഏതെല്ലാമാണ് ;

(സി) അവയിൽ കേടുസംഭവിച്ചു ഏറ്റവും പഴക്കം ചെന്ന പാലമായ കായംകുളം ടൗണിലെ പാലം എന്നത്തേയ്ക്കു പണി തീർക്കുവാനാണുദ്ദേശിക്കുന്നത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 14.

(ബി)* ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഈ പാലം പണിയേണ്ട കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വളരെ അധികം പഴക്കം ചെന്ന കായംകുളം ടൗണിലെ പാലം പണിയുന്നതിനു ഇത്ര കാലതാമസം വരുന്നതു എന്തുകൊണ്ടാണ് ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു ഒരു എസ്റ്റിമേറ് എടുത്തിട്ടുണ്ട്. ഏതാണ്ട് 5 ലക്ഷത്തിൽ ചില്വാനം രൂപ അതിൽ ഉൾക്കൊള്ളുന്നുണ്ട്. ഈ സംബന്ധിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ പാലം പണിയേണ്ടെന്നു പറഞ്ഞു അവിടത്തെ ഏതെങ്കിലും വ്യവസായി ഗവണ്മെൻറിനെ സമീപിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻപോറ്റി : ഈ 14 പാലങ്ങളുടെ കൂട്ടത്തിൽ തോട്ടപ്പള്ളി പാലം ഉൾപ്പെട്ടമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഉൾപ്പെട്ടം.

ശ്രീ. പി. നാരായണൻ പോറ്റി : ഈ പാലം പണിഞ്ഞതു് ഒരു പുതിയ പരീക്ഷണമായിട്ടായിരുന്നു. അന്നു് അത്നു് എത്ര കാലത്തെ ഗാരണ്ടി നൽകിയിട്ടുണ്ടെന്നു പറയാമോ ?

MR. SPEAKER : You may put a separate question and get the answer.

Supply of drinking water.

*336. [34] SHRI P. V. AVIRA THARAKAN: Will the Minister for Works and Transport be pleased to state:

(*a*) whether the Government have made any arrangement for the supply of drinking water in the coastal areas;

(*b*) have the Government noted that pallithodu at Shertala is a place where no drinking water is available; and

(*c*) what steps the Government have taken to supply at least drinking water ?

Minister for Health (SHRI A. A. RAHIM): (*a*) Yes.

(*b*) Yes.

(*c*) Last year during drought season, arrangements were made for the supply of drinking water through lorries and boats. As a permanent remedy, Government have a scheme for drilling tube wells in coastal areas where scarcity of drinking water is keenly felt.

Schemes included in the second Five Year Plan.

*337. [35] SHRI P. V. AVIRA THARAKAN: Will the Minister for Planning and Development be pleased to state:

(*a*) have the Government finalised the schemes which are to be included in the second Five Year Plan;

(*b*) if so, how much amount the Government expect to spend in the Second Five Year Plan for:

(1) Industries, in public sector

(2) do. in private sector

(3) Transport

(4) Cottage Industries

(5) Co-operative Societies

(6) advances to the Industrialists and Agriculturists

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II:

*[Please see Answer to Question No. *335 (33)]*

കൊല്ലംഡിസ്ട്രിക്ട്ലെ കേടുപാടുതീർക്കേണ്ട പാലങ്ങളുടെ ലിസ്റ്റ്.

1. ഏയൂർ–ഇത്തിക്കര റോഡിൽ 11–ാംമൈലിലുള്ള പാലം.
2. ഏയൂർ–ഇത്തിക്കര റോഡിൽ 15–ാംമൈലിലുള്ള പാലം.
3. വാവക്കാവ്–വളിക്കാവ് റോഡിൽ 1–ാം മൈലിലുള്ളപാലം.
4. ചേട്ടപ്പള്ളി പാലം.
5. ഫാത്തിമാക്കവ് ബ്രിഡ്ജ്, കാഞ്ഞകുളം.
6. പൈനംമുട്ട്–പന്തളം റോഡിലെ ഐരാണിക്കുടി പാലം
7. തുമ്പമൺ–കോഴഞ്ചേരി റോഡിൽ 6–ാംമൈൽ 3–ാംഫർലാംഗിലുള്ള പാലം.
8. തുമ്പമൺ–കോഴഞ്ചേരി റോഡിൽ–6ാംമൈൽ 5–ാംഫർലാംഗിലുള്ള പാലം.
9. പന്തളം–ഓമല്ലൂർ റോഡിൽ 2–ാംമൈൽ 5–ാംഫർലാംഗിലുള്ള പാലം.
10. ആട്ടർ–ശാസ്താംകോട്ട റോഡിൽ 3–ാംമൈലിലുള്ള പാലം.
11. കടമ്പനാട്–ഏനാത്ത് റോഡിൽ 4–ാംമൈൽ 6–ാംഫർലാംഗിലുള്ള പാലം.
12. കാട്ടാച്ചിറ പാലം.
13. മുണ്ടിക്കര–തിരുവല്ലാ റോഡിൽ 8–ാംമൈൽ 1–ാംഫർലാംഗിലുള്ള തുരുത്തിപ്പാലം.
14. മേപ്രാൽ റോഡിലുള്ള സ്വാമി പാലം.

LIBRARY ARCHIVES Kerala Legislative Assembly